പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3427 25.06.2012 - ൽ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ സദാചാരപോലീസ് അക്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനും, എൻ.ഡി.എഫിനും സ്വാധീനമുള്ള ചില മേഖലകളിൽ സദാചാര പോലീസിന്റെ അതിക്രമങ്ങൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സദാചാര പോലീസ് എന്നൊരു പോലീസ് നിലവിലില്ല. എന്നാൽ സദാചാരം സംരക്ഷിക്കുന്നതിന് എന്ന വ്യാജേന ചില സാമൂഹ്യ വിരുദ്ധർ അക്രമവും ഗുണ്ടായിസവും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കണ്ണൂരിലെ ചില സ്ഥലങ്ങളിൽ പ്രത്യേകിച്ച് മട്ടന്നൂർ, തളിപറമ്പ്, വളപട്ടണം, മയ്യിൽ പോലീസ് സ്റ്റേഷൻ പരിധിയിലെ എൻ.ഡി.എഫ് സ്വാധീന മേഖലകളിൽ അതിക്രമങ്ങൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സദാചാര പോലീസ് നടത്തിയ നിയമവിരുദ്ധ നടപടിക്കെതിരെ കണ്ണൂർ ജില്ലയിൽ ഇതിനകം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; കേസിലെ പ്രതികൾ ആരെല്ലാം; എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഇനിയും അറസ്റ്റ് ചെയ്യാനുള്ളത് ആരെയെല്ലാം? | (ബി) | ഇതുവരെ കണ്ണൂർ ജില്ലയിൽ ഇത്തരം സാമൂഹിക വിരുദ്ധരുടെ ആക്രമണത്തെ തുടർന്ന് 16 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ